സ്യൂട്ട് സെല്ലുകളുടെ പ്രവർത്തനം

20 (*141) ശ്രീ. സി. കെ. രാജേന്ദ്രൻ :
ശ്രീ. കടകംപള്ളി സുരേന്ദ്രൻ :
ശ്രീ. ടി. കെ. ബാലൻ :
ശ്രീമതി ഗിരിജാ സുരേന്ദ്രൻ :
ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജില്ലാ കളക്ടറേറ്റുകളിലും താലൂക്കാഫീസുകളിലും തീർപ്പാകാതെ കിടന്ന കുടിശ്ശിക ഫയലുകളിൽ തീർപ്പുണ്ടാക്കാൻ സ്വീകരിച്ച നടപടികളുടെ പുരോഗതി സർക്കാർ വിലയിരുത്തിയിട്ടുണ്ടോ ;

(ബി) എങ്കിൽ നാളിതുവരെ എത്ര കുടിശ്ശിക ഫയലുകളിൽ തീർപ്പു കൽപ്പിക്കാൻ കഴിഞ്ഞിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(സി) സംസ്ഥാനത്തു പ്രശംസനീയമായ രീതിയിൽ പ്രവർത്തിച്ചുവരുന്ന കളക്ടറേറ്റുകളെയും താലൂക്കാഫീസുകളെയും മാതൃകാ ഓഫീസുകളായി പ്രഖ്യാപിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(ഡി) റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട കേസുകൾ കൈകാര്യം ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ള സ്യൂട്ട് സെല്ലുകളുടെ രൂപീകരണം ഇപ്പോൾ ഏതു ഘട്ടംവരെയായി എന്ന് വെളിപ്പെടുത്തുമോ ;

(ഇ) സംസ്ഥാനത്തു എവിടെയെല്ലാമാണ് പ്രസ്തുത സെല്ലുകൾ പ്രവർത്തിച്ചുവരുന്നതെന്ന് വ്യക്തമാക്കുമോ ;

(എഫ്) സ്യൂട്ട് സെല്ലുകളുടെ പ്രവർത്തനം കാര്യക്ഷമവും ഫലപ്രദവുമാക്കാൻ ഉദ്ദേശമുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ?

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ. ഇ. ഇസ്മയിൽ)

(എ) ലാന്റ് റവന്യൂ കമ്മീഷണറേറ്റ് തലത്തിൽ വിലയിരുത്തിയിട്ടുണ്ട്.

(ബി) 1997 മുതൽ 2000 വരെയുള്ള കാലയളവിൽ 3,69,523 ഫയലുകൾ തീർപ്പാക്കിയിട്ടുണ്ട്.

(സി) ഈ നിർദ്ദേശം പരിഗണിക്കുന്നതാണ്.

(ഡി) സംസ്ഥാനതല, ജില്ലാതല സ്യൂട്ട് സെല്ലുകളുടെ രൂപീകരണം പൂർത്തീകരിച്ചിട്ടുണ്ട്.

(ഇ) ലാന്റ് റവന്യൂ കമ്മീഷണറേറ്റിലും സംസ്ഥാനത്തെ എല്ലാ ജില്ലാ കളക്ടറേറ്റുകളിലും സ്യൂട്ട് സെൽ പ്രവർത്തിക്കുന്നുണ്ട്.

(എഫ്) സ്യൂട്ട് സെല്ലിന്റെ പ്രവർത്തനം കാര്യക്ഷമവും ഫലപ്രദവുമായാണ് നടന്നു വരുന്നത്.

LIBRARY ARCHIVES Kerala Legislative Assembly